**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 163** **22-07-2021 - ൽ മറുപടിയ്ക്ക്**

**ചെറുകിട വ്യവസായ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് രണ്ടാം തരംഗം സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് വലിയ പ്രതിസന്ധി സൃഷ്ടിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗൺ മൂലം ആവശ്യത്തിന് ഉൽപാദനമില്ലായ്മ, അസംസ്കൃത വസ്തുക്കളുടെ നഷ്ടം, വ്യാപാര നഷ്ടം, തൊഴിൽ വേതനം, ശമ്പള ചെലവുകൾ, ബാങ്ക് ലോൺ അടവ്, മറ്റ് നിയമപരമായ തിരിച്ചടവുകൾ തുടങ്ങിയ പ്രശ്നങ്ങളും അഭിമുഖീകരിച്ച എം.എസ്.എം.ഇ കളെ സഹായിക്കുന്നതിനായി കേരള സർക്കാർ പ്രഖ്യാപിച്ച ഒരു പ്രത്യേക പാക്കേജ് ആണ് "വ്യവസായ ഭദ്രത”. G.O.(MS).No.56/2020/ID dated 20/05/2020 പ്രകാരം പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജിൽ ചുവടെ വിവരിക്കുന്ന 17പദ്ധതികളാണ് ഉൾപ്പെട്ടിരുന്നത്. 1.പുതിയ ലാൻഡ് പ്രീമിയം പെയ്മെന്റ് പോളിസി 2. ലാൻഡ് പ്രീമിയം ഒരു വർഷത്തേക്ക് മരവിപ്പിക്കുന്നത് 3.മൂന്ന് മാസത്തേക്ക് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) വാടക ഉപേക്ഷിക്കുന്നത് 4. കോമൺ ഫെസിലിറ്റി ചാർജ്ജുകൾ 3 മാസത്തേക്ക് ഉപേക്ഷിക്കുന്നത് 5. KSIDC യിൽ ടോപ് അപ് ലോണുകൾ 6. KSIDC യുടെ നിലവിലുള്ള ഉപഭോക്താക്കൾക്ക് പീനൽ ഇന്ററസ്റ്റ് ഒഴിവാക്കുന്നത് 7. മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം 8. KSIDC യും KINFRA യുമുള്ള ഒറ്റതവണ തീർപ്പാക്കൽ പോളിസി 9. MSME കൾക്ക് സ്വത്തുക്കൾ സൃഷ്ടിക്കുന്നതിനായി KSIDC നൽകുന്ന പ്രത്യേക വായ്പ, 10. സംരംഭക സഹായ പദ്ധതി (ESS) ഉദാരവൽക്കരിക്കുന്നത്, 11. എ) അധിക പ്രവർത്തന മൂലധനത്തിനുവേണ്ടി മാർജിൻ മണി അസിസ്റ്റൻസ് ബി) MSME കൾക്കുള്ള അധിക പ്രവർത്തന മൂലധനത്തിന് പലിശ ധനസഹായം 12. MSME കൾക്ക് നൽകുന്ന അധിക ടേം ലോണിനുള്ള പലിശ ധനസഹായം 13. മൂന്ന് മാസത്തേക്ക് തൊഴിലുടമകൾ നൽകുന്ന ESI വിഹിതം 14.തൊഴിലുടമകളുടെ PF വിഹിതം മൂന്ന് |

മാസത്തേക്ക് 15. NPA വ്യവസ്ഥകൾ നവീകരിക്കുന്നത് 16. മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം 6 മാസത്തേക്ക് ദീർഘിപ്പിക്കുന്നത് 17. MSME കളുടെ മൊറട്ടോറിയം അടയ്ക്കുന്നതിനുള്ള കാലയളവ്. ഇതു കൂടാതെ കോവിഡ് രണ്ടാം തരംഗം മൂലം സംസ്ഥാനത്തെ എം.എസ്സ്.എം.ഇ മേഖലയ്ക്ക് നേരിട്ട ആഘാതം കുറയ്ക്കുന്നതിനായി കോവിഡ്-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് ഈ വർഷം പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ താഴെപ്പറയുന്ന ദുരിതാശ്വാസ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്നുണ്ട്. 1. കോവിഡ് 19 ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായഭദ്രത പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പലിശ ഇളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan ) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കും.2020 ഡിസംബർ 31 വരെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും നേടുന്ന വായ്പ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്.ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കും.ഈ പദ്ധതി അനുസരിച്ച് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേക്ക് 50% പലിശസഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക. 2. നിലവിലെ ESS മാർഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതു വിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തും.പിന്നോക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണന വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും. 3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകൾ കൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാകും. 4. ആദ്യം 5 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശ ഇളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധനനിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.ഇതിനുപുറമെ, 10 ലക്ഷം രൂപ

| | | | |
|---|---|---|---|
| | | | മൂലധനനിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരം യോഗ്യമാകും. |
| (ബി) | കോവിഡ് പ്രതിസന്ധിയിലാക്കിയ ചെറുകിട വ്യവസായ സംരംഭകരെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | ഉണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗൺ മൂലം ആവശ്യത്തിന് ഉൽപാദനമില്ലായ്മ, അസംസ്കൃത വസ്തുക്കളുടെ നഷ്ടം, വ്യാപാര നഷ്ടം, തൊഴിൽ വേതനം, ശമ്പള ചെലവുകൾ, ബാങ്ക് ലോൺ അടവ്, മറ്റ് നിയമപരമായ തിരിച്ചടവുകൾ തുടങ്ങിയ പ്രശ്നങ്ങളും അഭിമുഖീകരിച്ച എം.എസ്.എം.ഇ കളെ സഹായിക്കുന്നതിനായി കേരള സർക്കാർ പ്രഖ്യാപിച്ച ഒരു പ്രത്യേക പാക്കേജ് ആണ് "വ്യവസായ ഭദ്രത”. G.O.(MS).No.56/2020/ID dated 20/05/2020 പ്രകാരം പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജിൽ ചുവടെ വിവരിക്കുന്ന 17പദ്ധതികളാണ് ഉൾപ്പെട്ടിരുന്നത്. 1.പുതിയ ലാൻഡ് പ്രീമിയം പെയ്മെന്റ് പോളിസി 2. ലാൻഡ് പ്രീമിയം ഒരു വർഷത്തേക്ക് മരവിപ്പിക്കുന്നത് 3.മൂന്ന് മാസത്തേക്ക് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) വാടക ഉപേക്ഷിക്കുന്നത് 4. കോമൺ ഫെസിലിറ്റി ചാർജ്ജുകൾ 3 മാസത്തേക്ക് ഉപേക്ഷിക്കുന്നത് 5. KSIDC യിൽ ടോപ് അപ് ലോണുകൾ 6. KSIDC യുടെ നിലവിലുള്ള ഉപഭോക്താക്കൾക്ക് പീനൽ ഇന്ററസ്റ്റ് ഒഴിവാക്കുന്നത് 7. മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം 8. KSIDC യുടെയും KINFRA യുടെയുമുള്ള ഒറ്റതവണ തീർപ്പാക്കൽ പോളിസി 9. MSME കൾക്ക് സ്വത്തുക്കൾ സൃഷ്ടിക്കുന്നതിനായി KSIDC നൽകുന്ന പ്രത്യേക വായ്പ, 10. സംരംഭക സഹായ പദ്ധതി (ESS) ഉദാരവൽക്കരിക്കുന്നത്, 11. എ) അധിക പ്രവർത്തന മൂലധനത്തിനുവേണ്ടി മാർജിൻ മണി അസിസ്റ്റൻസ് ബി) MSME കൾക്കുള്ള അധിക പ്രവർത്തന മൂലധനത്തിന് പലിശ ധനസഹായം 12. MSME കൾക്ക് നൽകുന്ന അധിക ടേം ലോണിനുള്ള പലിശ ധനസഹായം 13. മൂന്ന് മാസത്തേക്ക് തൊഴിലുടമകൾ നൽകുന്ന ESI വിഹിതം 14.തൊഴിലുടമകളുടെ PF വിഹിതം മൂന്ന് മാസത്തേക്ക് 15. NPA വ്യവസ്ഥകൾ നവീകരിക്കുന്നത് 16. മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം 6 മാസത്തേക്ക് ദീർഘിപ്പിക്കുന്നത് 17. MSME കളുടെ മൊറട്ടോറിയം അടയ്ക്കുന്നതിനുള്ള കാലയളവ്. ഇത് കൂടാതെ കോവിഡ് രണ്ടാം തരംഗം മൂലം സംസ്ഥാനത്തെ എം.എസ്സ്.എം.ഇ മേഖലയ്ക്ക് നേരിട്ട ആഘാതം കുറയ്ക്കുന്നതിനായി കോവിഡ്-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് ഈ വർഷം പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ താഴെപ്പറയുന്ന ദുരിതാശ്വാസ പദ്ധതികൾ |

| | | | |
|---|---|---|---|
| | | | വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്നുണ്ട്. 1. കോവിഡ് 19 ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായഭദ്രത പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പലിശ ഇളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan ) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കും.2020 ഡിസംബർ 31 വരെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും നേടുന്ന വായ്പ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്.ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കും.ഈ പദ്ധതി അനുസരിച്ച് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേക്ക് 50% പലിശസഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക. 2. നിലവിലെ ESS മാർഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതു വിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തും.പിന്നോക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണന വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും. 3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകൾ കൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാക്കും. 4. ആദ്യം 5 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശ ഇളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധനനിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധനനിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരം യോഗ്യമാകും. |

സെക്ഷൻ ഓഫീസർ